# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2427:** **18/12/2012- ൽ മറുപടിക്ക്**

## പാദരക്ഷാ ഡിസൈൻ ക്യാമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടി

**ചോദ്യം** **ഉത്തരം**

**ശ്രീ. എ. പ്രദീപ് കുമാർ :**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ)<br>&<br>(ബി) | കോഴിക്കോട് ജില്ലയിൽ പാദരക്ഷാ ഡിസൈൻ ക്യാമ്പ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>അഞ്ഞൂറിലധികം പാദരക്ഷാ യൂണിറ്റുകൾ പ്രവർത്തിച്ചിരുന്ന കോഴിക്കോട് ജില്ലയിൽ പാദരക്ഷാ ഡിസൈൻ ക്യാമ്പ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (എ)<br>&<br>(ബി) | കേരള സ്റ്റേറ്റ് സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് അസോസിയേഷനും കോഴിക്കോട് ജില്ലാ ഫുട് വെയർ സെക്ടർ കമ്മിറ്റിയും സംയുക്തമായി ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി നോർത്ത് കേരള ഫുട് വെയർ കൺസോർഷ്യം എന്ന കൺസോർഷ്യം രജിസ്റ്റർ ചെയ്യുകയുണ്ടായി.<br><br>പ്രസ്തുത കൺസോർഷ്യം, ട്രെയിനിംഗ്, സ്കിൽ അപ്ഗ്രഡേഷൻ, ജോബ് വർക്ക്, വാല്യൂ അഡീഷൻ, വേസ്റ്റ് റീ സൈക്ലിംഗ് ഫെസിലിറ്റി, എന്നിവയ്ക്ക് ഒരു കോമൺ ഫെസിലിറ്റി സെന്റർ നടപ്പിലാക്കുവാൻ തീരുമാനിച്ചു.<br><br>അതിൻപ്രകാരം സി എഫ് സി നടപ്പിലാക്കുവാനുള്ള പ്രഥമ അപേക്ഷ കേന്ദ്ര സർക്കാരിന്റെ സൂക്ഷ്മ ചെറുകിട ഇടത്തരം മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്.<br><br>പ്രസ്തുത കൺസോർഷ്യം സി എഫ് സി നടപ്പിലാക്കുവാനുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.<br><br>29/10/2012 ന് കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ ഇതു സംബന്ധിച്ച് ഒരു അപേക്ഷ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**